# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5423 01.07.2014-ൽ മറുപടിക്ക്

### ഭവന നിർമ്മാണ ബോർഡിന് അനുവദിച്ച തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ; | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര കോടി രൂപ അനുവദിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള സംസ്ഥാന ഭവന നിർമ്മാണ്ണ ബോർഡിന് അനുവദിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br>2011-12 വർഷത്തിൽ പ്ലാൻ ഇനത്തിൽ 2050/-ലക്ഷം രൂപ വകയിരുത്തിയതിൽ 1450/- ലക്ഷം രൂപയും, നോൺ പ്ലാൻ ഇനത്തിൽ 26593.18 ലക്ഷം രൂപ വകയിരുത്തിയതിൽ 25853.28 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി കൂടാതെ ഹഡ്കോ പലിശ കടിശ്ശികയിനത്തിൽ 1979 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി.<br>2012-13 വർഷത്തിൽ പ്ലാൻ ഇനത്തിൽ വകയിരുത്തിയ 3052 ലക്ഷം രൂപയിൽ 1006.99 ലക്ഷം രൂപയും, നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയ 24854.5 ലക്ഷം രൂപയിൽ 24839.32 ലക്ഷം രൂപയും അനുവദിക്കുക യുണ്ടായി. |

2013-14 വർഷത്തിൽ പ്ലാൻ ഇനത്തിൽ വകയിരുത്തിയ 3065 ലക്ഷം രൂപയിൽ 2506.66 ലക്ഷം രൂപയും, നോൺപ്ലാൻ ഇനത്തിൽ വകയിരുത്തിയ 25060.9 ലക്ഷം രൂപയിൽ 24968.9 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി കൂടാതെ ഹഡ്കോ പലിശ കടിശ്ശികയിനത്തിൽ വകയിരുത്തിയ 4160 ലക്ഷം രൂപയിൽ 4159.40ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി.

| | |
|---|---|
| (ബി) ബോർഡിന് സംസ്ഥാനത്ത് എവിടെയൊക്കെ വീടുകൾ, ഫ്ളാറ്റുകൾ, മറ്റ് കെട്ടിടങ്ങൾ ഉണ്ട് എന്ന് വിശദാംശം ലഭ്യമാക്കുമോ ; | (ബി) ബോർഡിന്റെ പക്കലുള്ള വീടുകൾ ഫ്ലാറ്റുകൾ, മറ്റ് കെട്ടിടങ്ങൾ എന്നിവയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) ഇതുവരെ വിൽക്കാതെയോ വാടകയ്ക്ക് നൽകാതെയോ ഉള്ള എത്ര കെട്ടിടങ്ങൾ ഉണ്ടെന്നും അത് ഏതൊക്കെയാണെന്നും അതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കുമോ ; | (സി) വില്ക്കാത്തതോ, വാടകയ്ക്ക് നൽകാത്തതോ ആയ കെട്ടിടങ്ങളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു. |

1. റവന്യൂ ടവർ, നെടുമങ്ങാട്

5 കടമുറികൾ, 562.65 ച. അടി ഓഫീസ് സ്പേസ്.

2. ബാലരാമപുരം ഓഫീസ് കോംപ്ലക്സ്

23 കടമുറികൾ, 28,900 ച.അടി ഓഫീസ് സ്പേസ്, ഫ്ലാറ്റുകൾ 48 എണ്ണം ജലദൗർലഭ്യം മൂലം അലോട്ട് നടത്താതെ ഒഴിച്ചിട്ടിരിക്കുകയാണ്.

3. റവന്യൂ ടവർ, തിരുവല്ല

8369.45 ച.അടി, ഓഫീസ് സ്പേസ് ഇതിൽ 2785.76 അലോട്ട് ചെയ്യുകയും 2625.44 ച.അടി സ്ഥലത്തിന് ആവശ്യക്കാർ എത്തുകയും ചെയ്തിട്ടുണ്ട്.

4. റവന്യൂ ടവർ, അടൂർ

8952.75 ച.അടി ഓഫീസ് സ്പേസിൽ, 2632.11 ച.അടി സ്ഥലത്തിന് ആവശ്യക്കാർ എത്തുകയും ആയത് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

5. റവന്യൂ ടവർ, ചങ്ങനാശ്ശേരി

11478.74 ച.അടി ഓഫീസ് സ്പേസ്

6. കട്ടപ്പന കൊമേഴ്സ്യൽ കോംപ്ലക്സ്

4 കടമുറിയും, 11239 ച.അടി ഓഫീസ് സ്പേസ്

7. റവന്യൂ ടവർ, എറണാകുളം

49 കടമുറികൾ ഫ്ലാറ്റുകൾ 9 എണ്ണം ലേല നടപടികളിലൂടെ വിറ്റഴിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

8. റവന്യൂ ടവർ, കോതമംഗലം

12714.45 ച.അടി ഓഫീസ് സ്പേസ്

ആലപ്പുഴ ചേർത്തലയിൽ 3 വീടോടു കൂടിയ പ്ലോട്ട് ഒഴിഞ്ഞു കിടക്കുന്നുണ്ട്.

മതിയായ ആവശ്യക്കാർ ഇല്ലാത്തതിനാലാണ് വാടകയ്ക്ക് നൽകാൻ കഴിയാത്തത്.

(ഡി) ബോർഡിന്റെ നിലവിലെ ആസ്തി, ബാധ്യതകൾ എന്നിവ വിശദമാക്കുമോ?

(ഡി) ബോർഡിലെ ബാദ്ധ്യതയുടേയും, ആസ്തിയുടേയും വിശദവിവരം ചുവടെ ചേർക്കുന്നു.

ബാദ്ധ്യത

| ബാദ്ധ്യത | ലക്ഷത്തിൽ |
|---|---|
| ക്യാപിറ്റൽ ഗ്രാന്റ് ആന്റ് സബ്സിഡി | 4499.94 |
| ലോൺസ് | 111023.58 |
| അഡ്വാൻസ് ആന്റ് ഡെപ്പോസിറ്റ് | 310.45 |
| ഡെപ്പോസിറ്റ് ഫോർ വർക്ക് | 1209.16 |

## ആസ്തി

| ആസ്തി | ലക്ഷത്തിൽ |
|---|---|
| ഫിക്സഡ് അസറ്റ് | 90695.10 |
| വർക്ക്-ഇൻ-പ്രോഗ്രസ് | 674.85 |

## മറ്റ് ആസ്തികൾ

| | |
|---|---|
| സൺട്രി ഡബ്റ്റേഴ്സ് | 28.90 |
| ലോൺ | 12621.30 |
| ഗവൺമെന്റ് റെന്റൽ ഹൗസിംഗ് സ്കീം | 95.73 |
| അഡ്വാൻസ് ഡെപ്പോസിറ്റ് ആന്റ് പ്രീപെയ്ഡ് എക്സ്പെൻസ് | 33856.69 |
| കാഷ് ആന്റ് ബാങ്ക് ബാലൻസ് | 9229.95 |
| കറന്റ് അസറ്റ്സ് | 52418.43 |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്